## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

**കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സീനിയർ സൂപ്രണ്ടുമാരെ സ്ഥലം മാറ്റി / സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു –**

**ഉത്തരവ് നം: എസ്റ്റാ -സി 1/2109/2019/ കോ.വി.വ** **തീയതി : 19.09.2019**

പരാമർശം :-
1) 25.02.2017-ലെ സ.ഉ(പി)നം.3/2017/ഉ.ഭ.പ.വ
2) 01.09.2019ലെ സ.ഉ.(കൈ.) നമ്പർ.307/2019/ഉ.വി.വ നമ്പർ ഉത്തരവ്.
3) 05.04.2019-ലെ നം.സി1/63851/2019 നമ്പർ ആയി വിജ്ഞാപനത്തിനു നൽകിയ ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ്.

### ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ താഴെപ്പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഒഴിവിന്റെ സ്വഭാവം |
|---|---|---|
| 1 | സർക്കാർ വനിതാ കോളേജ്, മലപ്പുറം | *01.09.2019-ലെ സ.ഉ(കൈ)നം.307/19/ഉ.വി.വ* നമ്പർ ഉത്തരവ് പ്രകാരം പുതുതായി സൃഷ്ടിച്ച സീനിയർ സൂപ്രണ്ട് തസ്തിക |

മേൽ സൂചിപ്പിച്ച സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്ക് ചുവടെ പേര് ചേർത്തിട്ടുള്ള ജൂനിയർ സൂപ്രണ്ടിനെ പേരിനെതിരെ സൂചിപ്പിട്ടുള്ള സ്ഥാപനത്തിലേയ്ക്ക് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റിൽ നിന്നും അവരുടെ മുൻഗണനാ ക്രമമനുസരിച്ച് 36600-79200 രൂപ (പ്രീ റിവൈസ്ഡ് 18740-33680) രൂപ ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | 05.04.2019-ലെ നം.സി1/63851/2019/ കോ.വി.വ നമ്പരായി വിജ്ഞാപനം ചെയ്ത ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ | സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി.ഗീതാകുമാരി.എൻ, ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) ആസ്ഥാന കാര്യാലയം, തിരുവനന്തപുരം | 10 | ഗവൺമെന്റ് വനിതാ കോളേജ്, മലപ്പുറം |

ഈ ഉത്തരവ് പ്രകാരം സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള ജീവനക്കാർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഇവർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഓപ്ഷൻ ഫോറം അക്കൌണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.collegiateedu.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
ഡോ.സുമ.കെ.കെ
അഡീഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ(in charge).

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :-

1. അക്കൌണ്ടന്റ് ജനറൽ, കോട്ടയം.
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.
3. അക്കൌണ്ടന്റ് ജനറൽ, കോട്ടയം.
4. സി.എ – ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
5. സൂപ്രണ്ട് സി / ജെ സെക്ഷനുകൾക്ക്
6. കരുതൽ ഫയൽ,
7. നടപ്പു ഫയൽ

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ജി:

0631701